# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**TIME: 06.30 PM** **DATE: 27.01.2026**

## പ്രധാന വാർത്ത

1) ഇന്ത്യ–യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ യാഥാർത്ഥ്യമായി. നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ആഗോള വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനും കരാർ സഹായകമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി

2) രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നയപ്രഖ്യാപന പ്രസംഗത്തോടെ പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് നാളെ തുടക്കം, കേന്ദ്ര ബജറ്റ് ഞായറാഴ്ച

3) പയ്യന്നൂർ ഫണ്ട് തട്ടിപ്പ് വിഷയത്തിലും ശബരിമല സ്വർണ അപഹരണ വിഷയത്തിലും നിയമസഭയിൽ പ്രതിഷേധമുയർത്തി പ്രതിപക്ഷം, നടപടികൾ പൂർത്തിയാക്കി സഭ പിരിഞ്ഞു.

4) ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ അടിയന്തരമായി

RNU TVPM

**പൂർത്തിയാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

5) **സന്തോഷ് ട്രോഫി ഫുട്ബോളിൽ ഒഡിഷയെ എതിരില്ലാത്ത ഒരു ഗോളിന് പരാജയപ്പെടുത്തി. കേരളം, അണ്ടർ-19 ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യയ്ക്കെതിരെ സിംബാബ്‌വെയ്ക്ക് 353 റൺസ് വിജയലക്ഷ്യം.**

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഇന്ത്യ–യൂറോപ്യൻ-ഇൻട്രോ

ഇന്ത്യ–യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ യാഥാർത്ഥ്യമായി. പ്രധാനമന്ത്രിയും യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയെനും തമ്മിൽ ന്യൂഡൽഹിയിൽ നടന്ന പ്രതിനിധി തല ചർച്ചക്ക് ശേഷമാണ് കരാർ ഒപ്പുവെച്ചത്. ചരിത്രപരമായ കരാറിലൂടെ സംശുദ്ധ ഊർജ്ജം, കാർഷിക ഭക്ഷ്യ വിതരണ ശൃംഖല, ജൈവ സാങ്കേതികത, മത്സ്യ ഉത്പാദനം, കസ്റ്റംസ്, ഫാർമസ്യൂട്ടിക്കൽ, തുകൽ, കാലാവസ്ഥ തുടങ്ങിയ മേഖലകളിൽ ഇന്ത്യയ്ക്കും യൂറോപ്യൻ യൂണിയനും സംയുക്തമായി മുന്നേറാനാകും. കരാറിനെ ഇന്ത്യൻ വ്യവസായ സംഘടനകൾ

RIJUTVPM

സ്വാഗതം ചെയ്തു. വിശദാംശങ്ങളിലേക്ക്...

വ്യാപാരം, സുരക്ഷ, പ്രതിരോധ പങ്കാളിത്തം, മൊബിലിറ്റി, ദുരന്തസാധ്യതാ മാനേജ്മെന്റ്, ഗ്രീൻ ഹൈഡ്രജൻ തുടങ്ങിയ ഏഴ് മേഖലകളിലാണ് ഇന്ത്യയും യൂറോപ്യൻ യൂണിയനും കരാറുകൾ കൈമാറിയത്. 27 രാജ്യങ്ങളുൾപ്പെടുന്ന യൂറോപ്പ്യൻ യൂണിയനുമായുള്ള സ്വതന്ത്ര വ്യാപാര കരാർ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ആഗോള തലത്തിൽ വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനും സഹായകമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. പ്രസ്തുത കരാർ കർഷകർക്കും സൂക്ഷ്മ ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും ഗുണകരമാകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ചരിത്രപരമായ ഈ കരാർ എല്ലാ കരാറുകളുടേയും മാതാവാണെന്ന് പ്രധാനമന്ത്രിയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റും പ്രസ്താവിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ, യൂറോപ്യൻ യൂണിയനുമായി 76 ബില്യൺ യുഎസ് ഡോളറിന്റെ കയറ്റുമതിയും 60 ബില്യൺ യുഎസ് ഡോളറിന്റെ ഇറക്കുമതിയുമടക്കം ഇന്ത്യ 136 ബില്യൺ യുഎസ് ഡോളറിന്റെ ചരക്ക് വ്യാപാരമാണ് നടത്തിയത്.ന്യൂസ് ഡെസ്ക് ആകാശവാണി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഇന്ത്യ എനർജി വീക്ക്

RNU TVPM

ആഗോളതലത്തിൽ ഊർജ്ജ ആവശ്യകത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഊർജ്ജ മേഖലയിലെ അവസരങ്ങളുടെ നാടായി ഇന്ത്യ മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗോവയിൽ ആരംഭിച്ച ഇന്ത്യ എനർജി വീക്കിനെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ ഇന്ത്യ-യുകെ വ്യാപാര കരാറിനെ മെച്ചപ്പെടുത്തുമെന്നും ഉൽപ്പാദന, സേവന മേഖലകലെ ഉത്തേജിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

RINU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## പാർലമെന്റ്-ബജറ്റ്

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് നാളെ തുടക്കമാകും. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നയപ്രഖ്യാപന പ്രസംഗത്തോടെ സമ്മേളനം ആരംഭിക്കും. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ മറ്റെന്നാൾ പാർലമെന്റിൽ സമർപ്പിക്കും. ഫെബ്രുവരി ഒന്ന് ഞായറാഴ്ചയാണ് കേന്ദ്ര ബജറ്റ്. നാളെ മുതൽ ഫെബ്രുവരി 13 വരെയും, മാർച്ച് 9 മുതൽ ഏപ്രിൽ രണ്ട് വരെയും രണ്ട് ഘട്ടങ്ങളായാണ് പാർലമെന്റിന്റെ ബജറ്റ് സമ്മേളനം.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## സർവകക്ഷി യോഗം

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ന്യൂഡൽഹിയിൽ സർവകക്ഷി യോഗം ചേർന്നു. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗിന്റെ അധ്യക്ഷതയിലാണ് യോഗം ചേർന്നത്. യോഗത്തിൽ കേന്ദ്രമന്ത്രിമാരായ ജെ പി നഡ്ഡ, എൽ മുരുഗൻ, അർജുൻ റാം മേഘ് വാൾ തുടങ്ങിയവർ പങ്കെടുത്തു. സമ്മേളനം സുഗമമായി നടത്തുന്നതിന് എല്ലാ കക്ഷികളും സഹകരിക്കണമെന്ന് കേന്ദ്ര പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു അഭ്യർത്ഥിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## നിയമസഭ ഇൻട്രോ

നാലു ദിവസത്തെ ഇടവേളയ്ക്ക് ശേഷം ചേർന്ന നിയമസഭയിൽ ഇന്ന് ഗവർണറുടെ നന്ദി പ്രമേയത്തിൻമേലുള്ള ചർച്ച പുനരാരംഭിച്ചു. പയ്യന്നൂർ ഫണ്ട് തട്ടിപ്പ് വിഷയത്തിലും ശബരിമല സ്വർണ അപഹരണ വിഷയത്തിലും പ്രതിപക്ഷം സഭയിൽ പ്രതിഷേധമുയർത്തി. ദേവസ്വം മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് രണ്ട് പ്രതിപക്ഷ അംഗങ്ങൾ സഭയുടെ പുറത്ത് ധർണയും നടത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

RNU TVPM

(വോയിസ്)

## എം.ബി.രാജേഷ്.- നിയമസഭ

സംസ്ഥാനത്ത് നഗര-നയം ആവിഷ്കരിക്കുമെന്ന് മന്ത്രി എം.ബി.രാജേഷ്. നിയമസഭയിൽ ചോദ്യോത്തരവേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്താദ്യമായാണ് ഒരു സംസ്ഥാനം നഗരനയം ആവിഷ്കരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. സർക്കാരിന്റെ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് നയം ആവിഷ്ക്കരിക്കുമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

## അറ്റ് ഹോം ഗവർണർ

ഇന്ത്യയുടെ 77-ാമത് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഗവർണർ രാജേന്ദ്ര് വിശ്വനാഥ് ആർലേക്കർ തിരുവനന്തപുരം ലോക് ഭവനിൽ പരമ്പരാഗത 'അറ്റ് ഹോം' സ്വീകരണ പരിപാടി സംഘടിപ്പിച്ചു. നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ, മേയർ . വി.വി. രാജേഷ്, പത്മ പുരസ്കാര ജേതാക്കൾ, സായുധ സേനകളിലെ മുതിർന്ന ഉദ്യോഗസ്ഥർ ഉൾപ്പെടെ വിവിധ മേഖലകളിലെ

പ്രമുഖർ പങ്കെടുത്തു. തിരുവനന്തപുരം ജില്ലയിലെ വിവിധ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികളും, രക്ഷിതാക്കളും,

അധ്യാപകരുമായിരുന്നു ഈ വർഷത്തെ പ്രത്യേക ക്ഷണിതാക്കൾ.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## സ്ത്രീധന നിരോധന നിയമഭേദഗതി

സ്ത്രീധനം നൽകുന്നത് കുറ്റകൃത്യമല്ലാതാക്കുന്നതിന് 1961 ലെ സ്ത്രീധന നിരോധന നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷൻ നൽകിയതായി സംസ്ഥാന സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. ചീഫ് ജസ്റ്റിസ് സൗമെൻ സെൻ, ജസ്റ്റിസ് ശ്യാം കുമാർ വി എം എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചാണ് വിഷയത്തിൽ പൊതുതാത്പര്യ ഹർജിയിൽ വാദം കേട്ടത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ചൂരൽമല ചൂരൽമല

ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ
അടിയന്തരമായി പൂർത്തീകരിക്കണമെന്ന് മുഖ്യമ ന്ത്രി പിണറായി വിജയൻ നിർദേശം നൽകി. പുനരധിവാസ പ്രവർത്തനങ്ങളുടെ പുരോഗതി
വിലയിരുത്താൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന ഉന്നതതലയോഗത്തിലാണ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയത്. ഒന്നാം ഘട്ടത്തിൽ കൈമാറാൻ തീരുമാനിച്ച വീടുകൾ നിശ്ചിത സമയത്തിനകം തന്നെ കൈമാറാൻ കഴിയണമെന്നും മുഖ്യന്ത്രി പറഞ്ഞു. മന്ത്രിമാരായ കെ രാജൻ, എ കെ ശശീന്ദ്രൻ, കെ കൃഷ്ണൻകുട്ടി, എം.ബി രാജേഷ്, ഒ ആർ കേളു, ചീഫ് സെക്രട്ടറി . എ ജയതിലക്, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി . കെ.എം അബ്രഹാം തുടങ്ങിയവർ പങ്കെടുത്തു.

RIIU TVPM

## വൈജ്ഞാനിക പുരസ്കാരങ്ങൾ (ഇൻട്രോ)

സംസ്ഥാനത്തെ വൈജ്ഞാനിക നൂതനത്ത സമൂഹമായി ഉയർത്താൻ ഗവേഷണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാനുള്ള പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈജ്ഞാനിക പുരസ്കാരങ്ങൾ തിരുവനന്തപുരത്ത് വിതരണം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. മലയാള

ഭാഷയുടെ പ്രാധാന്യം നിലനിർത്തുന്നതിന് ഭാഷാ ഇൻസ്റ്റിട്യൂട്ട് നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും മാറുന്ന കാലത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

( വോയിസ് -മുഖ്യമന്ത്രി)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ഒഡിഷയെ എതിരില്ലാത്ത ഒരു ഗോളിന് പരാജയപ്പെടുത്തി. ആദ്യ പകുതിയിൽ ടി ഷിജിൻ നേടിയ ഗോളിലാണ് കേരളത്തിന്റെ ജയം. രണ്ട് ജയവും ഒരു സമനിലയും ഉൾപ്പെടെ ഏഴ് പോയിന്റുമായി ഗ്രൂപ്പ് ബിയിൽ കേരളം ഒന്നാമതാണ്. ഈമാസം 29ന് മേഘാലയയുമയാണ് കേരളത്തിന്റെ അടുത്ത മത്സരം.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## അണ്ടർ-19 ഏകദിനം

അണ്ടർ-19 ഏകദിന ലോകകപ്പ് സൂപ്പർ സിക്സിൽ സിംബാബ്‌വെയ്ക്കെതിരെ ഇന്ത്യക്ക് കൂറ്റൻ സ്കോർ. നിശ്ചിത ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ 352 റൺസ് നേടി. 107 പന്തിൽ പുറത്താവാതെ 109 റൺസ് നേടിയ വിഹാൻ മനോജ് മൽഹോത്രയുടെ സെഞ്ചുറിയും അഭിഗ്യാൻ കുണ്ടു, വൈഭവ് സൂര്യവംശി എന്നിവരുടെ അർധ

സെഞ്ചറികളുമാണ് ഇന്ത്യക്ക് കൂറ്റൻ സ്കോർ സമ്മാനിച്ചത്. മറുപടി ബാറ്റിംഗിനിറങ്ങിയ സിംബാബ്‌വെയ്ക്ക് പത്താം ഓവറിൽ 24 റൺസ് നേടുന്നതിനിടെ മൂന്ന് വിക്കറ്റുകൾ നഷ്ടപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല - റിമാൻഡ്

ശബരിമല സ്വർണ അപഹരണ കേസിൽ ദേവസ്വം മുൻ പ്രസിഡന്റ് എ.പത്മകുമാറിനെ വീണ്ടും റിമാൻഡ് ചെയ്തു. 14 ദിവസത്തേയ്ക്കാണ് റിമാൻഡ്. കൊല്ലം വിജിലൻസ് കോടതിയുടേതാണ് നടപടി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## എഴുത്തച്ഛൻ പുരസ്കാരം

2025 ലെ എഴുത്തച്ഛൻ പുരസ്കാരം പ്രശസ്ത കവി കെ ജി ശങ്കരപ്പിള്ളയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിച്ചു. സെക്രട്ടേറിയറ്റ് ഡർബാർ ഹാളിൽ നടന്ന ചടങ്ങിൽ മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ചു. അഞ്ച് ലക്ഷം രൂപയും പ്രശസ്തി പത്രവും ശില്പവുമടങ്ങുന്നതാണ് പുരസ്കാരം. മലയാള സാഹിത്യത്തിലുള്ള സമഗ്ര സംഭാവനക്കാണ് പുരസ്കാരം.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## എം ബി രാജേഷ്

RIJUTVPM

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട വസ്തുനികുതി കുടിശ്ശികയുടെ പിഴപ്പലിശ 2026 മാർച്ച് 31 വരെ ഒഴിവാക്കിയതായി മന്ത്രി എം ബി രാജേഷ് . പിഴപ്പലിശ ഉൾപ്പെടെ നികുതി അടച്ചവർക്ക് പിഴപ്പലിശയ്ക്ക് തുല്യമായ തുക അടുത്ത വർഷത്തെ നികുതിയിൽ വരവ് ചെയ്തുനൽകും. മാർച്ച് 31 നകം നികുതിയും കുടിശ്ശികയും അടച്ച് ഈ ആനുകൂല്യം പരമാവധി പേർ പ്രയോജനപ്പെടുത്തണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

## കർശന നടപടി-മന്ത്രി പി പ്രസാദ്

RNIU TVPM

ദേശീയപാത നിർമ്മാണത്തിനിടയിൽ കുടിവെള്ള പൈപ്പുകൾ തുടർച്ചയായി പൊട്ടുന്ന സാഹചര്യത്തിൽ അലംഭാവം തുടരുന്ന കരാർ കമ്പനികൾക്കെതിരെ ദുരന്തനിവാരണ നിയമപ്രകാരം അറസ്റ്റ് ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി പി പ്രസാദ്. ചേർത്തല, അരൂർ മേഖലയിൽ ദേശീയപാത നിർമ്മാണത്തിനിടെ നിരന്തരം പൈപ്പുകൾ പൊട്ടുന്ന സാഹചര്യത്തിൽ ജില്ലാ കളക്ടറുടെ ചേംബറിൽ മന്ത്രിയുടെ നേതൃത്വത്തിൽ വിളിച്ചുചേർത്ത അടിയന്തരയോഗത്തിലാണ് നിർദേശം.